**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 483. 06.02.2013 ൽ മറുപടിയ്ക്ക്

## സ്വകാര്യ സൂപ്പർഫാസ്റ്റ് ബസ്സ് പെർമിറ്റ്

| ചോദ്യം<br>ശ്രീ. ബാബു.എം.പാലിശ്ശേരി. | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ)സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സ് പെർമിറ്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (എ) | നിയമാനുസൃതമായ അപേക്ഷകളിന്മേൽ 150 കി.മീറ്ററിനും 450 കി.മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ നിലവിലുള്ള സർക്കാർ വിജ്ഞാപനങ്ങൾക്കും മോട്ടോർ വാഹനനിയമത്തിലെ സെക്ഷൻ 80, കേരള മോട്ടോർവാഹന ചട്ടം 2 (യു സി), 260 (എ) പ്രകാരമാണ് സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നല്കുന്നത്. ഇങ്ങനെ കൊടുക്കുന്ന പെർമിറ്റ് അന്തർ ജില്ലാ പെർമിറ്റാണെങ്കിൽ അതാതു ആർ.ടി.എ.യുടെ പരിധിയിലെ റൂട്ട് ഭാഗങ്ങൾക്ക് അനുമതി ലഭിച്ചിരിക്കേണ്ടതാണ് . കേരള മോട്ടോർ വാഹന നിയമത്തിലെ റൂൾ 260(എ) അനുസരിച്ച് സൂപ്പർ ഫാസ്റ്റ് പെർമിറ്റ് കൊടുക്കുന്ന ബസ്സുകൾക്ക് 5 വർഷത്തിലേറെ രജിസ്ട്രേഷൻ പഴക്കം ഉണ്ടാകുവാൻ പാടില്ല. |
| (ബി)2012 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ എത്ര സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ സൂപ്പർഫാസ്റ്റ് പെർമിറ്റ് ആക്കി മാറ്റി നൽകിയിട്ടുണ്ട് ; | (ബി) | 3 സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ് പെർമിറ്റുകൾ സൂപ്പർ ഫാസ്റ്റ് പെർമിറ്റ് ആക്കി മാറ്റി നല്കിയിട്ടുണ്ട് . |

| | | |
|---|---|---|
| (സി) നിബന്ധനകൾ എല്ലാം പാലിച്ചാണോ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയത് എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ; | (സി) | 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 2 (eb) പ്രകാരമുള്ള 'ഫ്ലീറ്റ് ഓണറിന്റെ ' നിർവ്വചനം ബഹു.ഹൈക്കോടതി, റിട്ട് അപ്പീൽ 1591/97 ലെ വിധിന്യായപ്രകാരം റദ്ദ് ചെയ്തതുമൂലമാണ് സ്വകാര്യ ബസ്സുകൾക്ക് സൂപ്പർ ഫാസ്റ്റ് പെർമിറ്റ് നല്കേണ്ട സാഹചര്യം ഉണ്ടായത് . ബഹു.ഹൈക്കോടതി വിധി നടപ്പാക്കുന്നതിനാണ് ഹയർ ക്ലാസ്സിലേക്കുള്ള കൺവെർഷൻ അനുവദിക്കേണ്ടി വന്നിട്ടുള്ളത് . |
| (ഡി) വിദ്യാർത്ഥികൾക്ക് സ്വകാര്യ സൂപ്പർഫാസ്റ്റ് ബസ്സുകളിലും യാത്രാ നിരക്കിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ.